150 YEARS OF CELEBRATING THE MAHATMA

"ഭരണഭാഷ-മാതൃഭാഷ"

നമ്പർ: A2/ 10439 /2020

വനിത ശിശുവികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം
e-mail: directorate.wcd@kerala.gov.in
www.sjd.kerala.gov.in, Ph: 0471 2346508
തീയതി : 16.09.2020

## പരിപത്രം

വിഷയം: വനിത ശിശുവികസന വകുപ്പ്-2019/20 സാമ്പത്തിക വർഷത്തെ റീകൺസിലിയേഷൻ നടത്തുന്നത് സംബന്ധിച്ച്.

സൂചന: അക്കൗണ്ടന്റ് ജനറലിന്റെ 19.5.2020 തീയതിയിലെ DAE-01/A/G1/Recon/2019-20/52 നമ്പർ കത്ത്.

2019-20 സാമ്പത്തിക വർഷം വനിത ശിശുവികസന വകുപ്പിന്റെ മേജർ ശീർഷകമായ 2235 ൽ നിന്നും ചിലവഴിച്ചിട്ടുള്ള എല്ലാ ബില്ലുകളും റീകൺസിലിയേഷൻ നടത്തിക്കൊണ്ട് അക്കൗണ്ട് സെറ്റിൽ ചെയ്യുന്നതിനായി അക്കൗണ്ടന്റ് ജനറൽ സൂചന പ്രകാരം നിർദ്ദേശിച്ചിരിക്കുകയാണ്.

വകുപ്പിന്റെ ഇ-ജീവിക സോഫ്റ്റ്‌വെയറിൽ ബില്ലുകളുടെ വൗച്ചർ നമ്പരുകൾ രേഖപ്പെടുത്തിയാൽ മാത്രമെ റീകൺസിലിയേഷൻ നടപടികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളു. കീഴ്ക്കാര്യാലയങ്ങളിൽ നിന്നുള്ള ബില്ലുകൾ ഇ-ജീവികയിൽ പരിശോധിച്ചപ്പോൾ ചില കാര്യാലയങ്ങളിലെ ബില്ലുകളുടെ വൗച്ചർ നമ്പരുകൾ രേഖപ്പെടുത്തിയതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ഇനിയും വൗച്ചർ നമ്പർ രേഖപ്പെടുത്താത്ത കീഴ്ക്കാര്യാലയ മേധാവികൾ 30.09.2020 നു മുമ്പായി ആയത് ബിംസിലെ റികൺസിലേഷൻ മോഡ്യൂളിൽ നിന്നും റ്റി.ആർ.എൻ ലെ അവസാനത്തെ അഞ്ചക്കം ഇ-ജീവിക സോഫ്റ്റ്‌വെയറിയിലെ ബില്ലുകളുമായി ഒത്തുനോക്കി ട്രഷറി വൗച്ചർ നമ്പറായി രേഖപ്പെടുത്തേണ്ടതാണ്.

അടിയന്തിര സാഹചര്യം കണക്കിലെടുത്ത് കീഴ്ക്കാര്യാലയ മേധാവികൾ സമയബന്ധിതമായി രേഖപ്പെടുത്തലുകൾ വരുത്തുന്നു എന്ന് ബന്ധപ്പെട്ട ജില്ലാ വനിത ശിശുവികസന വകുപ്പ് ഓഫീസർ ഉറപ്പുവരുത്തേണ്ടതും മുഴുവൻ ഓഫീസുകളും സോഫ്റ്റ്‌വെയറിൽ അപ്ഡേഷൻ വരുത്തിയ വിവരങ്ങൾ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. സമയനിഷ്ഠ കർശനമായും ഈ വിഷയത്തിൽ പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിത ശിശുവികസന വകുപ്പ് ഡയറക്ടർക്കുവേണ്ടി

എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും